I/100425/2024

ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**

**തിരുവനന്തപുരം**

നമ്പർ. I/100425/2024 തീയതി:15-06-2024

**പരിപത്രം**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - ജീവനക്കാര്യം (ഗ്രഡേഷൻ) - ഈ വകുപ്പിന് കീഴിൽ 31.05.2024 വരെ പാർട്ട് ടൈം കണ്ടിജെൻറ് തസ്തികകളിൽ നിയമനം ലഭിച്ച ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള വിവര ശേഖരണം - സംബന്ധിച്ച്

സൂചന :- 21.05.2024 ലെ ഇഡി2/4289/2024/ഡിടിഇ നമ്പർ അനൗദ്യോഗിക കുറിപ്പ്

ഈ വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ 31.05.2024 വരെ പാർട്ട് ടൈം കണ്ടിജെൻറ് തസ്തികകളിൽ നിയമനം ലഭിച്ച ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

ബന്ധപ്പെട്ട ജീവനക്കാർ ഇതോടൊപ്പമുള്ള മാതൃകയിൽ വിവരങ്ങൾ തയ്യാറാക്കി ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ സഹിതം, സർക്കുലർ പ്രസിദ്ധീകരിച്ച് 7 ദിവസത്തിനകം, ഈ ഓഫീസിൽ ലഭിക്കത്തക്ക വിധം സ്ഥാപന മേധാവി മുഖാന്തിരം അയച്ചു നൽകുവാൻ നിർദ്ദേശിക്കുന്നു.

ഈ സർക്കുലർ ബന്ധപ്പെട്ട എല്ലാ ജീവനക്കാരെയും കാണിച്ചു ബോദ്ധ്യപ്പെടുത്തി ജീവനക്കാർ തയ്യാറാക്കി സമർപ്പിക്കുന്ന വിവരങ്ങൾ ബന്ധപ്പെട്ട സേവന പുസ്തകവുമായി ഒത്തുനോക്കി സാക്ഷ്യപ്പെടുത്തി ആവശ്യമായ ശുപാർശ സഹിതം മേൽപ്പറഞ്ഞ സമയ ക്ലിപ്തത പാലിച്ച് ഈ ഓഫീസിൽ എത്തിക്കുവാൻ എല്ലാ സ്ഥാപന മേധാവികളോടും നിർദ്ദേശിക്കുന്നു.

Sunil Kumar C V

SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സൂപ്രണ്ട്, ED സെക്ഷൻ
3. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Signed by
Sunil Kumar C V
Date: 15-06-2024 16:45:38

വിവരങ്ങൾ തയ്യാറാക്കി സമർപ്പിക്കേണ്ട മാതൃക

| | | |
|---|---|---|
| 1 | പൂർണ്ണമായ പേര് | |
| 2 | ജനന തീയതി | |
| 3 | വിദ്യാഭ്യാസ യോഗ്യത | |
| 4 | നിയമനം ലഭിച്ച സ്ഥാപനവും ജില്ലയും | |
| 5 | നിയമന ഉത്തരവിൻറെ നമ്പരും തീയതിയും (പകർപ്പ് ഉള്ളടക്കം ചെയ്യുക) | |
| 6 | ജോലിയിൽ പ്രവേശിച്ച തീയതി | |
| 7 | നിരീക്ഷണകാലം പൂർത്തീകരിച്ച തീയതി (നിയമന ഉത്തരവിൻറെ പകർപ്പ് ഉള്ളടക്കം ചെയ്യുക) | |
| 8 | ശൂന്യവേതനാവധി / അച്ചടക്ക നടപടികൾ / അന്യത്ര സേവനം എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ (ഉണ്ടെങ്കിൽ) | |
| 9 | മറ്റ് വിവരങ്ങൾ | |

സ്ഥലം: ഒപ്പ്:
തീയതി: പേര്:

സാക്ഷ്യപത്രം

മേൽപ്പറഞ്ഞിരിക്കുന്ന വിവരങ്ങൾ ബന്ധപ്പെട്ട സേവന പുസ്തകവുമായി ഒത്തുനോക്കി ശരിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:
തീയതി:

സ്ഥാപന മേധാവിയുടെ പേരും ഒപ്പും മുദ്രയും